(ബി) 2014-15 ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ തിക്കുനി-കുറ്റ്യാടി റോഡിൽ കി.മീ 15/000-നും 17/225-നും ഇടയ്ക്കുള്ള പരിഷ്കരണ പ്രവൃത്തിക്കും ബി.എം. & ബി.സി. പ്രവൃത്തിക്കും സാങ്കേതികാനുമതി നൽകിയിട്ടില്ല. നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കാത്തതു കൊണ്ടാണ് സാങ്കേതികാനുമതി നൽകാത്തത്.

(സി) മണിയൂർ ഗവ. എച്ച്.എസ്.എസ്. കെട്ടിടത്തിന്റെ പ്രവൃത്തി, വിദ്യാപുരം ആയഞ്ചേരി റോഡിൽ കി.മീ. 1/650-നും, 5/325 നും ഇടയിലുള്ള പുതുക്കിപ്പണി പരിഷ്കാര പ്രവൃത്തികളും, കുട്ടോത്ത് - താഴെക്കുണ്ട് കടവ് റോഡിൽ കി.മീ. 0/000-നും 12/070-നും ഇടയിലുള്ള ലാന്റ് അക്വിസിഷൻ പ്രവൃത്തികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

## വാക്കയിൽ പാലത്തിന്റെ നിർമ്മാണം

360 (1445) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമാണത്തോടനുബന്ധിച്ച് ഇൻവെസ്റ്റിഗേഷനും സോയിൽ ടെസ്റ്റിനുമായി ചെലവഴിച്ചത് എത്ര രൂപയാണ്, ഈ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നാണോ ഉപയോഗിച്ചിട്ടുള്ളത് ;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര രൂപയാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചെലവ് ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വാക്കയിൽ പാലം നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയിൽനിന്നും ഇൻവെസ്റ്റിഗേഷനും, മണ്ണുപരിശോധനയ്ക്കുമായി 819922 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നതേയുള്ളൂ. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly